**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1148** | **06-02-2023 - ൽ മറുപടിയ്ക്ക്**

**മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി.യിലേക്ക് മാറ്റുന്നതിനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് പര്യാപ്തമായ തോതിൽ മണ്ണെണ്ണ ലഭ്യമാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്ത സ്ഥിതിയുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; നിലവിൽ കേന്ദ്ര സർക്കാർ മണ്ണെണ്ണയ്ക്ക് എത്ര രൂപയാണ് വിലയായി ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്. മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണയുടെ കാൽ ഭാഗം പോലും കേന്ദ്രം സബ്സിഡി രഹിത മണ്ണെണ്ണ (നോൺ പി.ഡി.എസ്) ആയി അനുവദിക്കുന്നില്ല. നടപ്പ് വർഷത്തേക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദം ചെലുത്തി വരുകയാണ്. 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു വരുന്നു. കേന്ദ്ര സർക്കാർ മണ്ണെണ്ണയ്ക്ക് 76 രൂപ 50 പൈസയാണ് ഈടാക്കുന്നത്. |
| (ബി) | ഓരോ ലിറ്റർ മണ്ണെണ്ണയ്ക്കും സംസ്ഥാനം 25 രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും കേന്ദ്ര സർക്കാർ മണ്ണെണ്ണയ്ക്ക് വൻതോതിൽ വില വർദ്ധിപ്പിക്കുന്നത് മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ പ്രതിസന്ധിയിലാക്കുന്നതിനാൽ മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി. യിലേക്ക് മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ എൽ.പി.ജി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ എൽ.പി.ജി കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതുമായി ബന്ധപ്പെട്ട് 7 ലക്ഷം രൂപയുടെ പൈലറ്റ് പദ്ധതി നടപ്പാക്കുന്നുണ്ട് . പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് എൽ.പി.ജി കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.റ്റി അടിസ്ഥാനത്തിലുള്ള എൽ.പി.ജി കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തി വരുന്നു. |
| (സി) | മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിക്കുന്നതുവഴി നിലവിലെ വിലയിൽ ശരാശരി ഒരു ബോട്ടിലിന് പ്രതിദിന ചെലവിൽ എത്ര കുറവുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (സി) | കേരളത്തിലാകെ 34024 ഒ.ബി.എം ഘടിപ്പിച്ച വള്ളങ്ങൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും 9.9 എച്ച്.പി യുള്ള മണ്ണെണ്ണ എഞ്ചിനുകളാണ് ഉപയോഗിക്കുന്നത്. ഒരു 9.9 എച്ച്.പി എഞ്ചിന് ഒരു മണിക്കൂർ പ്രവർത്തിപ്പിച്ച് മത്സ്യബന്ധനം നടത്തുന്നതിന് 8 ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. |

| | | | |
|---|---|---|---|
| | | | ദിവസേന 7 മണിക്കൂർ മത്സ്യബന്ധനം നടത്തുമ്പോൾ ഒരു മാസത്തെ മണ്ണെണ്ണയുടെ ഉപയോഗം (25 പ്രവൃത്തി ദിനങ്ങൾക്ക്) 1400 ലിറ്റർ ആയി കണക്കാക്കപ്പെടുന്നു. നിലവിൽ മണ്ണെണ്ണയുടെ മാർക്കറ്റ് വിലയായി ലിറ്ററിന് 124 രൂപയായി കണക്കാക്കുമ്പോൾ ഒരു മാസം മത്സ്യബന്ധനം നടത്തുന്നതിന് 1,73,600 രൂപ മണ്ണെണ്ണയിനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി ചെലവാക്കുന്നു. എന്നാൽ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുമ്പോൾ എഞ്ചിൻ 1 മണിക്കൂറിൽ പ്രവർത്തിപ്പിക്കുന്നതിന് 3.2 കിലോഗ്രാം എൽ.പി.ജി ആവശ്യമാണ്. ദിവസേന 7 മണിക്കൂർ മത്സ്യബന്ധനം നടത്തുമ്പോൾ ഒരു മാസത്തെ (25 പ്രവൃത്തി ദിനങ്ങൾക്ക്) എൽ.പി.ജി യുടെ ആവശ്യം 560 കിലോഗ്രാമായി കണക്കാക്കാം. എൽ.പി.ജി യുടെ വില കിലോഗ്രാമിന് 105 രൂപയായി കണക്കാക്കുമ്പോൾ ഒരു മാസം മത്സ്യബന്ധനം നടത്തുന്നതിന് 58,800 രൂപ ചെലവാകും. ഇപ്രകാരം എൽ.പി.യിലേക്ക് മാറുമ്പോൾ മത്സ്യത്തൊഴിലാളിക്ക് പ്രതിമാസം ഇന്ധനയിനത്തിൽ 1,14,800 രൂപ ലാഭിക്കാൻ കഴിയും എന്ന് കണക്കാക്കപ്പെടുന്നു. മത്സ്യ ബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി ഇന്ധനമായി ഉപയോഗിക്കുമ്പോൾ മത്സ്യത്തൊഴിലാളിക്ക് 66% ചെലവ് കുറയ്ക്കാൻ കഴിയും എന്നാണ് പഠനങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ